**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **15-03-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ- പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) | പെരിങ്ങോം സർക്കാർ കോളേജിന് നിർമ്മാണ പ്രവർത്തികൾക്കായി 9.27 കോടി രൂപയാണ് കിഫ്ബി വഴി അനുവദിച്ചിരിക്കുന്നത്. നിലവിലുള്ള അക്കാഡമിക് ബ്ലോക്കിന്റെ വിപുലീകരണം, ഓഡിറ്റോറിയം, റീറ്റെയ്നിങ് വാൾ എന്നിവയാണ് ആദ്യ ഘട്ടത്തിൽ നിർമ്മിക്കുന്നത്. മൂന്ന് തവണ നിർമ്മാണ പ്രവർത്തികൾക്കായുള്ള ടെൻഡർ ക്ഷണിച്ചെങ്കിലും പണികൾ ഏറ്റെടുത്ത് നടത്തുവാൻ യോഗ്യരായ കരാറുകാരെ ലഭിച്ചില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തികൾക്ക് DSR 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രവൃത്തി തുടങ്ങാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മൂന്ന് തവണ നിർമ്മാണ പ്രവർത്തികൾ ക്കായുള്ള ടെൻഡർ ക്ഷണിച്ചെങ്കിലും പണികൾ ഏറ്റെടുത്ത് നടത്തുവാൻ യോഗ്യരായ കരാറുകാരെ ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മൂന്ന് തവണ നിർമ്മാണ പ്രവർത്തികൾ ക്കായുള്ള ടെൻഡർ ക്ഷണിച്ചെങ്കിലും പണികൾ ഏറ്റെടുത്ത് നടത്തുവാൻ യോഗ്യരായ കരാറുകാരെ ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ